നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാരിയായ സൗമ്യയുടെ ദാരുണ മരണത്തെത്തുടർന്ന് ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സംസ്ഥാന പോലീസും റെയിൽവേയും ചേർന്ന് കൂടുതൽ ഊർജ്ജിതമായും കർശനമായും സ്വീകരിച്ചു വരുന്നുണ്ട്.

വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനം

66 (3220) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനമൊന്നുമില്ലാതെ അവഗണിക്കപ്പെട്ടു കിടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാകുന്ന വിധം സ്റ്റേഷൻ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. സതേൺ റെയിൽവേ ജനറൽ മാനേജരുടെ വാർഷിക പരിശോധനകളുടെ ഭാഗമായി ടി സ്റ്റേഷൻ മോടിപിടിപ്പിച്ചതായി റെയിൽവേ അറിയിച്ചിട്ടുണ്ട്. ടി റെയിൽവേ സ്റ്റേഷൻ ഭേദപ്പെടുത്തുന്നതിനുവേണ്ട നടപടി താമസംവിനാ ത്വരിതഗതിയിൽ ചെയ്യുന്നതാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും

67 (3221) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും ഉണ്ടാക്കുന്ന അപകടങ്ങളും നഷ്ടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly